# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്   തിരുസഭ   ഭാഗം – ഒന്ന്

### ലക്ഷ്യം

ഏകദൈവത്തിൽ വിശ്വസിച്ച് ജ്ഞാനസ്നാന സ്വീകരണത്തിലൂടെ ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം ലക്ഷ്യമാക്കി മുന്നേറുന്ന തീർത്ഥാടക സമൂഹമാണ് സഭ.

ക്രിസ്തുവിനെ പ്രഘോഷിച്ച് അവിടുത്തേക്ക് സാക്ഷ്യം നൽകി, തിരുസഭയെ സ്നേഹിച്ചും ബഹുമാനിച്ചും ഞാൻ ജീവിക്കും.

### പഠന സഹായികൾ

* പത്തു കല്പനകൾ – വീഡിയോ പഴയ ഉടമ്പടി
* അന്ത്യ അത്താഴം – വീഡിയോ പുതിയ ഉടമ്പടി
* വചനം – പുറ. 19:5–6

ദൈവം തന്റെ സ്വന്തം ജനമായി ഇസ്രായേലിനെ തെരഞ്ഞെടുത്തു. ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് ഇസ്രായേൽ ജനം. ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പിന്റെ പിൻതുടർച്ചയാണ് തിരുസഭ. തിരുസഭയിൽ മാമ്മോദീസ വഴി നാം അംഗങ്ങളായി. അങ്ങിനെ ദൈവത്തിന്റെ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട ജനതയായി. അതിനാൽ നാം ഇവിടെ ഒത്തുച്ചേർന്നിരിക്കുന്നു എന്ന ബോദ്ധ്യം കുട്ടികൾക്ക് നൽകുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം ലക്ഷ്യമാക്കി മുന്നേറുന്ന തീർത്ഥാടന സമൂഹം – സഭ
* വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം
* ദൈവജനം പഴയ ഉടമ്പടിയിൽ  അബ്രഹാമിന്റെ വിളി, മോശയ്ക്ക് 10 കല്പനകൾ
* ഇസ്രായേൽ  ദൈവത്തിന്റെ സ്വന്തം ജനം
* ഇസ്രായേൽ വഴി സർവ്വ ജനത്തെയും രക്ഷിക്കാൻ ദൈവം ആഗ്രഹിച്ചു.
* ദൈവജനം പുതിയ ഉടമ്പടിയിൽ
* ദൈവം ഇസ്രായേൽ ഉടമ്പടി ജനം വിശ്വസ്തത പാലിച്ചില്ല.
* ഉടമ്പടി ബന്ധത്തിലേക്ക് ഇസ്രായേൽ ജനത്തെ തിരിച്ചു കൊണ്ടുവരാൻ ദൈവം ആഗ്രഹിച്ചു.

- പ്രവാചകൻമാരെ നിയോഗിച്ചു
- കാലത്തിന്റെ തികവിൽ ഏകജാതനെ അയച്ചു.

## പ്രാർത്ഥന

നല്ല ഇടയനായ ദൈവമേ, അങ്ങേ സത്യസഭയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ട്, സഹജീവികളെ സുവിശേഷ വെളിച്ചത്തിൽ രക്ഷയുടെ പാതയിലേക്ക് നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമെ........ആമേൻ..

## ചോദ്യങ്ങൾ

1. എന്താണ് സഭ ?
2. ദൈവ ജനത്തിന്റെ പിതാവായി ദൈവം തിരഞ്ഞെടുത്തത് ആരെ ?
3. തിരുസഭയെ നയിക്കുന്നതാർ ?
4. സഭയുടെ ദൃശ്യ തലവനും താക്കോൽക്കാരനും ആര് ?
5. തിരുസഭയുടെ കാണപ്പെട്ട തലവൻ ആർ ?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്  തിരുസഭ  ഭാഗം – രണ്ട്

### ലക്ഷ്യം

ക്രിസ്തുവിനെ പ്രഘോഷിച്ച് അവിടുത്തേക്ക് സാക്ഷ്യം നൽകുകയാണ് നമ്മുടെ ദൗത്യം. സകല മനുഷ്യരെയും സുവിശേഷ വെളിച്ചത്തിൽ രക്ഷയുടെ പാതയിലേക്ക് കൊണ്ടു വരുവാൻ ഞാൻ പരിശ്രമിക്കും.

### പഠന സഹായികൾ

* സഭാ ആസ്ഥാന കാര്യാലയം റോം, മാർപ്പാപ്പ ചിത്രങ്ങൾ
* ബിസി സി മീറ്റിംഗിന്റെ ചിത്രങ്ങൾ
* തിരുസഭയുടെ ലക്ഷണങ്ങൾ – ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* ആദിമസഭയിലെ വിശ്വാസികളുടെ കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന
* തിരുസഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്.
* ആദിമസഭയിലെ കൂട്ടായ്മയാണ് തിരുസഭയുടെ മാതൃക
* തിരുസഭയിൽ അംഗമാകുന്നത് ജ്ഞാനസ്നാനത്തിലൂടെ
* തിരുസഭയുടെ ലക്ഷണങ്ങൾ : (1) ഏകം, (2) വിശുദ്ധം (3) സാർവ്വത്രീകം (4) അപ്പ സ്തോലികം
* തിരുസഭയുടെ സാദൃശ്യങ്ങൾ
* യേശുവിന്റെ നിരന്തരം സാന്നിദ്ധ്യം സഭയിലുണ്ടെന്ന് നാം വിശ്വസിക്കുകയും ക്രി സ്തുവിന് സാക്ഷ്യം നൽകുകയും ചെയ്യണം.
* പരിശുദ്ധ കുർബാന വഴി ക്രിസ്തു പരിപോഷിപ്പിക്കുന്നു.

### പ്രാർത്ഥന

ദൈവമേ, ഏകവും, വിശുദ്ധവും, സാർവത്രികവും, അപ്പസ്തോലികവുമായ സഭയെ സ്നേഹിക്കുവാനും ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ കൃപയിൽ വളരാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. തിരുസഭയുടെ മാതൃക എന്താണ് ?
2. എന്താണ് ജ്ഞാനസ്നാനം ?
3. തിരുസഭയുടെ ലക്ഷണങ്ങൾ എത്ര ? ഏവ ?
4. തിരുസഭയുടെ സാദൃശ്യങ്ങൾ എന്തെല്ലാം ?
5. സഭാമക്കളെന്ന നിലയിൽ എപ്രകാരം നാം ക്രിസ്തുവിനെ പ്രഘോഷിക്കണം ?